# കേരള സംസ്ഥാന ജലസേചന വകുപ്പ്

## ചെറുകിട ജലസേചനവകുപ്പ്, പാലക്കാട്

നമ്പർ: ഡി.1/SW/T/2015 തിയ്യതി: 28/02/2019

## ലഘുദർഘാസ് പരസ്യം

കേരള ഗവർണ്ണർക്കുവേണ്ടി പാലക്കാട് ചെറുകിട ജലസേചനവിഭാഗം അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ താഴെ പറയുന്ന പ്രവർത്തികൾക്കുവേണ്ടി 2019 മാർച്ച് 8–ാം തിയ്യതി ഉച്ചക്ക് 3.00 മണിവരെ മത്സരസ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു. ദർഘാസുകൾ താഴെ ഒപ്പിട്ടിട്ടുള്ള അധികാരിയുടെ ഓഫീസിൽ അന്നേദിവസം ഉച്ചക്ക് 3.30 മണിക്ക് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥരോ അപ്പോൾ ഹാജരുള്ള കരാറുകാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

ദർഘാസ് പ്രമാണങ്ങളും മറ്റ് വിശദാംശങ്ങളും അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 2019 മാർച്ച് 6–ാം തിയ്യതി ഉച്ചക്ക് 1 മണിവരെ ഓഫീസ് സമയങ്ങളിൽ ദർഘാസ് പ്രമാണങ്ങളുടെ വില 0700-80-110-99-Revenue, GST - 8443-00-108-PW - Deposit എന്നീ ഹെഡ് ഓഫ് അക്കൗണ്ടുകളിൽ ട്രഷറിയിൽ പണമടച്ച് ചലാനുമായി രേഖാമൂലം അപേക്ഷിച്ചാൽ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണങ്ങൾ ജലസേചന വകുപ്പ്/പൊതുമരാമത്ത് വകുപ്പിലെ അംഗീകൃത കരാറുകാർക്കു മാത്രമേ ലഭിക്കുകയുള്ളൂ. കരാറുകാരൻ 'ഡി' ക്ലാസും അതിനു മുകളിലുമുള്ളവരായിരിക്കണം. ദർഘാസ് പ്രമാണങ്ങൾ അന്യോന്യം കൈമാറാൻ പാടില്ലാത്തതുമാകുന്നു. ആവശ്യമായ നിരതദ്രവ്യം നിർബന്ധമായും സർക്കാർ ട്രഷറിയിൽ നിന്നോ നാഷണൽ സേവിംഗ്സ് സർട്ടിഫിക്കറ്റ് പോസ്റ്റ് ഓഫീസിൽ നിന്നോ, ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ മാത്രം അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ളതും അദ്ദേഹത്തിന് ഏതു സമയത്തും മാറത്തക്കവിധത്തിൽ അധികാരപ്പെടുത്തിയിട്ടുള്ളതുമായിരിക്കണം. അല്ലാത്ത ദർഘാസുകൾ നിരസിക്കുന്നതായിരിക്കും. ദർഘാസ് പ്രമാണങ്ങളുടെ വില അടച്ചാൽ യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല. ദർഘാസുകൾ രജിസ്ട്രേഡ് തപാൽവഴി മാത്രമേ സ്വീകരിക്കുകയുള്ളൂ. കൊറിയർ സർവ്വീസ് മുഖേന അയയ്ക്കുന്ന ദർഘാസുകൾ പരിഗണിക്കുന്നതല്ല. തപാൽ തകരാറുകൾ മൂലമോ മറ്റോ കാലതാമസം വന്നാൽ ഈ ഡിപ്പാർട്ടുമെന്റ് ഉത്തരവാദിയാകുന്നതല്ല. 08.03.2019 ഉച്ചയ്ക്ക് 3.00 മണിക്കുശേഷം ലഭിക്കുന്ന ദർഘാസുകളും ദർഘാസ് കവറിനു പുറത്ത് പ്രവർത്തിയുടെ പേരും നമ്പറും ആലേഖനം ചെയ്യാത്തതും നിരസിക്കുന്നതാണ്.

കേരള പൊതുമരാമത്ത്/ജലസേചന വകുപ്പിലെ ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ വ്യവസ്ഥകളും കൂടാതെ പ്രത്യേക നിബന്ധനകളും ഇതിനു ബാധകമായിരിക്കും. 1989 ലെ കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി നിയമത്തിലെ 8(2) വകുപ്പ് അനുസരിച്ച് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരൻ നിർമ്മാണ പ്രവൃത്തിയുടെ മൊത്തം ചിലവിന്റെ ഒരു ശതമാനം നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് നൽകാൻ ബാധ്യസ്ഥനാണ്. ഓരോ പ്രവർത്തിക്കും സമർപ്പിക്കുന്ന ദർഘാസ് പ്രമാണങ്ങളോടൊപ്പം 200/രൂപയിൽ കുറയാത്ത മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി ടൈപ്പ് ചെയ്ത് പൂരിപ്പിച്ച് അടക്കം ചെയ്യേണ്ടതും അല്ലാത്തവ നിരസിക്കുന്നതുമായിരിക്കും.

ചെറുകിട ജലസേചന വിഭാഗം
അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ
കാര്യാലയം, പാലക്കാട്
ഫോൺനം. 0491 2578491

Reena
സീന. എ. ഐ
അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ
(കേരളഗവർണർക്കുവേണ്ടി)

# ചെറുകിട ജലസേചന വിഭാഗം

വിൻഡോ നമ്പർ: ഡി.1/SW/T/2015 തിയ്യതി: 28/02/2019

**അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചെറുകിട ജലസേചന വിഭാഗം, പാലക്കാട്**

## ലഘുദർഘാസ്

പാലക്കാട് ചെറുകിട ജലസേചന വിഭാഗത്തിനു കീഴിൽ അട്ടപ്പാടിയിലുള്ള ശിരുവാണി പുഴയ്ക്ക് കുറുകെ താല്ക്കാലിക തടയണ നിർമ്മാണ പ്രവർത്തികൾ.

ആകെ പണികൾ : 3 എണ്ണം

| ക്രമ നം | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | ദർഘാസ് പ്രമാണ ത്തിന്റെ വില | നിരത ദ്രവ്യം | കരാറുകാ രുടെ വിഭാഗം | പ്രവൃത്തി യുടെ നിർമ്മാണ കാലാവധി |
|---|---|---|---|---|---|---|
| 1 | 1/2018-19 | പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ശിരുവാണി പുഴയ്ക്ക് കുറുകെ അഗളി ഗ്രാമപഞ്ചായത്തിൽ നെല്ലിപതിയിൽ താൽക്കാലിക തടയണ നിർമ്മാണം അടങ്കൽ തുക – 230000/- | 525+GST | 5750 | D യും അതിനു മുകളിലും | 1 മാസം |
| 2 | 2/2018-19 | പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ശിരുവാണി പുഴയ്ക്ക് കുറുകെ അഗളി ഗ്രാമപഞ്ചായത്തിൽ ഭൂതിവാഴിയിൽ താൽക്കാലിക തടയണ നിർമ്മാണം അടങ്കൽ തുക – 240000/- | 525+GST | 6000 | D യും അതിനു മുകളിലും | 1 മാസം |
| 3 | 3/2018-19 | പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ ശിരുവാണി പുഴയ്ക്ക് കുറുകെ പുതൂർ ഗ്രാമപഞ്ചായത്തിൽ കോട്ടത്തറ പാലത്തിന് 100 മീറ്റർ മുകൾവശത്തായി താൽക്കാലിക തടയണ നിർമ്മാണം അടങ്കൽ തുക – 240000/- | 525+GST | 6000 | D യും അതിനു മുകളിലും | 1 മാസം |

ദർഘാസ് പ്രമാണങ്ങൾ വിൽക്കുന്നത് : 06/03/2019 ഉച്ചയ്ക്ക് 1.00 മണിവരെ

ദർഘാസ് പ്രമാണങ്ങൾ സ്വീകരിക്കുന്നത് : 08/03/2019 ഉച്ചയ്ക്ക് 3.00 മണിവരെ

ദർഘാസ് പ്രമാണങ്ങൾ തുറക്കുന്നത് : 08/03/2019 ഉച്ചയ്ക്ക് 3.30 മണിക്ക്

Seena

സീന. എ. ഐ
അസി. എക്സിക്യൂട്ടീവ്എഞ്ചിനീയർ,
ചെറുകിട ജലസേചനവിഭാഗം, പാലക്കാട്